# SREE SANKARACHARYA UNIVERSITY OF SANSKRIT

Kalady Post, Ernakulam (Dist)
Kerala –683574
Fax: 0484-2463480
Tel: 0484-2463380
email: ssusreg@gmail.com

---

നമ്പർ. പി.എൽ.ഡി/15012/എസ്.എസ്.യു.എസ്/2017 തീയതി: 07.02.2018

പ്രേഷിതൻ

വകുപ്പ് മേധാവി

.........വിഭാഗം

Dr. V.R. MURALIDHARAN
Professor & HOD
Department of Sanskrit Sahitya
Sree Sankaracharya University
of Sanskrit, Kalady-683 574

സ്വീകർത്താവ്

സർ,

സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ അടുത്തറിയാൻ പൊതുജനങ്ങൾക്ക് അവസരം നൽകുന്നതിനായി റൂസ എർപ്പെടുത്തിയ ഒരു പദ്ധതിയാണ് ശാസ്ത്രയാൻ. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും ഈ പദ്ധതിയുടെ ഭാഗമാണ്.

സർവ്വകലാശാലകളുടെ മികവ് വിലയിരുത്താനുള്ള നാക് സമിതിയുടെ എ ഗ്രേഡ് അംഗീകാരം ലഭിച്ച കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയാണ് കാലടി സംസ്കൃത സർവ്വകലാശാല. ഭാഷ, മാനവികവിഷയങ്ങൾ, സോഷ്യൽ വർക്ക്, കായികപഠനം, ഡാൻസ്, മ്യൂസിക്, തിയേറ്റർ, പെയിന്റിംഗ് എന്നിങ്ങനെ വ്യത്യസ്തമായ പഠനവകുപ്പുകൾ ഉള്ള ഈ സർവ്വകലാശാലയിൽ പ്രഗത്ഭരും പ്രശസ്തരുമായ ഒട്ടേറെ അദ്ധ്യാപകരുടെ സേവനം ലഭ്യമാണ്. ഇവിടെ പഠിച്ചിറങ്ങിയവരും പഠിക്കുന്നവരുമായ വിദ്യാർത്ഥികൾ ദേശീയതലത്തിൽ തന്നെ നിരവധി അംഗീകാരങ്ങളും പദവികളും നേടി ശ്രദ്ധേയരായിക്കൊണ്ടിരിക്കുന്നു.

ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും സംഭാവനകളും അടുത്തറിയാൻ 2018 ഫെബ്രുവരി 20, 21 തീയതികളിൽ പൊതുജനങ്ങൾക്ക് അവസരം ഒരുക്കുകയാണ്. ഈ ദിനങ്ങളിൽ ആർക്കും ഈ സർവ്വകലാശാലയിൽ വരാം. ഏതു ഡിപ്പാർട്ട്മെന്റും സന്ദർശിക്കാം. അറിയേണ്ട കാര്യങ്ങൾ അതാത് ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് നേരിട്ട് മനസ്സിലാക്കാം. പ്രദർശനങ്ങളും പ്രകടനങ്ങളും നേരിൽ കാണാം. ഭാവിയിൽ ഇവിടെ എം.എ., എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് ചേരാൻ ആഗ്രഹിക്കുന്നവർക്ക് കൃത്യമായ ഒരു ഗൈഡൻസ് ലഭിക്കാനുള്ള അവസരം കൂടിയാണ് ഇത്.

ഈ അവസരം ഉപയോഗപ്പെടുത്താൻ നിങ്ങളുടെ സ്ഥാപനത്തിലെ വിദ്യാർത്ഥികളെ പ്രേരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് സന്ദർശന സമയം.

വിശ്വസ്തതയോടെ,

സംസ്കൃത സാഹിത്യ.......... വിഭാഗം മേധാവി

Dr. V.R. MURALIDHARAN
Professor & HOD
Department of Sanskrit Sahitya
Sree Sankaracharya University
of Sanskrit, Kalady-683 574

7/2/2018

കാലടി